**അനുമോദനം**

മി. സ്പീക്കർ: കേരള രാഷ്ട്രീയത്തിലെ അപൂർവ്വതകളിലൊന്നാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിയമസഭാംഗത്വത്തിന്റെ 50-ാം വർഷം പൂർത്തിയാകുന്ന ഈ സാഹചര്യം. അടിമുതൽ മുടിവരെ പ്രവർത്തന സന്നദ്ധതയും ജനങ്ങൾക്കിടയിൽ സവിശേഷവും അപൂർവ്വവുമായ ഒരു ലഹരിയോടെ ജീവിക്കുകയും ചെയ്യുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രവർത്തനശൈലി ഒരു പാഠപുസ്തകംപോലെ പഠനാർഹമാണ്. ജനപ്രാതിനിധ്യത്തിന്റെ അരനൂറ്റാണ്ട് പിന്നിടുമ്പോഴും മടുപ്പില്ലാത്ത ജീവിതത്തിന്റെ വിസ്മയം തീർത്തുകൊണ്ടിരിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് സഭയുടെ അഭിവാദനങ്ങൾ. അനുമോദനങ്ങൾ അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന നിയമസഭയിൽ അരനൂറ്റാണ്ട് പൂർത്തിയാക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് സഭയുടെ അനുമോദനങ്ങൾ അങ്ങയുടെ വികാരത്തോടൊപ്പം ചേർന്നുകൊണ്ട് അറിയിക്കുന്നു. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിൽ കടന്നുവന്ന അദ്ദേഹം 1970-ലെ നാലാം കേരള നിയമസഭയിലാണ് ആദ്യമായി അംഗമാകുന്നത്. ആ സഭയിൽ ഞാനും അംഗമായിരുന്നു. അതിനുശേഷം

പതിനൊന്ന് തെരഞ്ഞെടുപ്പുകളിൽ തുടർച്ചയായി പുതുപ്പള്ളി നിയോജക മണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പാർലമെന്ററി ജനാധിപത്യത്തിൽ ഇത് അപൂർവ്വമാണ്. യശ:ശരീരനായ കെ. എം. മാണിയെയും ഇതുപോലൊരു അവസരത്തിൽ ഈ സഭയിൽ വച്ച് അനുമോദിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. പതിനാലാം കേരള നിയമസഭ രണ്ടംഗങ്ങളുടെ സേവനത്തിന്റെ സുവർണ്ണ ജൂബിലിക്ക് സാക്ഷ്യംവഹിച്ചുവെന്നത് അപൂർവ്വമായ നേട്ടമാണ്. ശ്രീ. ഉമ്മൻ ചാണ്ടി തൊഴിൽ, ആഭ്യന്തരം, ധനകാര്യം എന്നീ പ്രധാന വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായും രണ്ട് തവണ കേരള മുഖ്യമന്ത്രിയായും ഒരു തവണ പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചുള്ള വിപുലമായ പാർലമെന്ററി പ്രവർത്തനപാരമ്പര്യമുണ്ട്. ജനങ്ങളുടെ അംഗീകാരം നേടി പൊതുരംഗത്ത് കർമ്മനിരതനായ ശ്രീ. ഉമ്മൻ ചാണ്ടിക്ക് അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനവും ജനങ്ങൾക്കായുള്ള ഇടപെടലുകളും തുടർന്നും നടത്താനുള്ള പൂർണ്ണ ആരോഗ്യമുണ്ടാകട്ടെയെന്ന് ആശംസിക്കുകയാണ്. അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള നിയമസഭയിലെ അപൂർവ്വതകളിൽ അപൂർവ്വമായ നിമിഷമാണിത്. അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും ചൂണ്ടിക്കാണിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടി കേരള രാഷ്ട്രീയത്തിന്റെ ഒരു വിസ്മയമാണ്. എപ്പോഴും ജനങ്ങളോടൊപ്പം ജീവിക്കുകയും ജനങ്ങളോടൊപ്പം നീങ്ങുകയും ചെയ്യുന്ന അനിതരസാധാരണമായ ഒരു പ്രവർത്തനശൈലിയുടെ ഉടമയാണ് അദ്ദേഹം. കെ.എസ്.യു. പ്രസ്ഥാനത്തിലൂടെ പൊതുജീവിതത്തിലേയ്ക്ക് കടന്നുവന്ന ശ്രീ. ഉമ്മൻ ചാണ്ടി പ്രവർത്തിച്ച എല്ലാ മേഖലകളിലെയും സഹപ്രവർത്തകരുടെയും ജനങ്ങളുടെയും ആദരവും സ്നേഹവും പിടിച്ചുപറ്റിയ ഒരു നേതാവാണ്. 1970-ൽ നടന്ന തെരഞ്ഞെടുപ്പിലാണ് അദ്ദേഹം പുതുപ്പള്ളി നിയോജക മണ്ഡലത്തിൽനിന്നും മത്സരിച്ചത്. അന്നുമുതൽ ഇന്നുവരെ നിയമസഭയിൽ ഒരേ മണ്ഡലത്തെ പ്രതിനിധീകരിച്ച് കെ. എം. മാണി സാറിനെപ്പോലെ അദ്ദേഹം 50 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഏറ്റവും കരുത്തുള്ള മുഖമാണ് ശ്രീ. ഉമ്മൻ ചാണ്ടി. കെ.എസ്.യു. പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് പ്രസിഡന്റ്, തൊഴിൽ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി,

ആഭ്യന്തര വകുപ്പുമന്ത്രി, അതോടൊപ്പം രണ്ട് തവണ കേരള മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് ഇപ്പോൾ AICC-യുടെ ജനറൽ സെക്രട്ടറി, കോൺഗ്രസ് പ്രവർത്തക സമിതിയംഗം എന്നീ നിലകളിലെല്ലാം അഭിമാനകരമായ പ്രവർത്തന റിക്കോർഡ് സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. എല്ലാവരോടും സ്നേഹപൂർണ്ണമായി പെരുമാറുന്ന, സ്വന്തം ശരീരത്തിലേയ്ക്ക് കല്ല് വലിച്ചെറിഞ്ഞ ആളിനെപ്പോലും സ്നേഹത്തോടെ കെട്ടിപ്പുണരാൻ കഴിയുന്ന, ഒരു മനോഭാവത്തിന്റെ ഉടമയാണ് ശ്രീ. ഉമ്മൻ ചാണ്ടി. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ തന്റെ മുന്നിൽവരുന്ന ആവലാതികൾ പരിഹരിക്കാൻ നടത്തിയ ശ്രമങ്ങൾ മാതൃകാപരമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാടിന്റെ വളർച്ചയുടെ വഴിത്താരയിൽ ശ്രീ. ഉമ്മൻ ചാണ്ടി നൽകിയ നിസ്തുലമായ സംഭാവനകളെ ഞാൻ ഓർക്കുന്നു. ഇനിയും ദീർഘകാലം കേരള രാഷ്ട്രീയത്തിനും കേരളത്തിലെ കോൺഗ്രസ് പാർട്ടിക്കും നേതൃത്വം കൊടുക്കാൻ അദ്ദേഹത്തിന് കഴിയട്ടെ. അദ്ദേഹത്തിന് എല്ലാ വിധ ആശംസകളും ഞാൻ നേരുന്നു.